LIBRARY ARCHIVES Kerala Legislative Assembly

ആർ.ഐ.ഡി.എഫ്.

4 (5351) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ റോഡുകൾക്കാണ് ആർ.ഐ.ഡി.എഫിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) 2015-16-ൽ ആർ.ഐ.ഡി.എഫിൽ നിന്നും തുക നൽകുന്നതിന് തീരുമാനിച്ചിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2015-16-ൽ ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXI-ലേക്കാണ് പുതിയ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. ആയത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ

5 (5352) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയാ ഡവലപ്മെന്റ് ഏജൻസി മുഖേന സംസ്ഥാനത്ത് എത്ര പ്രവർത്തികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട് ; ജില്ലയും പഞ്ചായത്തും തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഹിൽ ഏരിയയിൽപ്പെടുന്ന പല പഞ്ചായത്തുകളെയും മേൽ ഏജൻസിയിൽപ്പെടുത്തിയിട്ടില്ല എന്ന യാഥാർത്ഥ്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളാണ് ഈ ഏജൻസിയിൽ ഉള്ളത് ; കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.